**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2027** **12-09-2023 - ൽ മറുപടിയ്ക്ക്**

**വളർത്തുമൃഗങ്ങൾക്കുള്ള ഇൻഷുറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | വളർത്തുമൃഗങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതി ഉടമസ്ഥൻ മാറിക്കഴിയുമ്പോൾ റദ്ദായി പോകുന്നത് കർഷകർക്ക് വലിയ നഷ്ടങ്ങൾ ഉണ്ടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മൃഗസംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന കന്നുകാലി ഇൻഷുറൻസ് പദ്ധതിയിൽ ഉടമസ്ഥാവകാശം മാറ്റുവാൻ സാധിക്കുന്നതിനാൽ, ഈ വിധത്തിൽ കർഷകർക്ക് നഷ്ടങ്ങൾ സംഭവിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പ്രസ്തുത ഇൻഷുറൻസ് പദ്ധതിയുടെ ഉടമസ്ഥാവകാശം കാലാവധി തീരുന്നതിനുമുമ്പ് കൈമാറ്റം ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ? | (ബി) | മൃഗസംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന കന്നുകാലി ഇൻഷുറൻസ് പദ്ധതി പ്രകാരം ഇൻഷുറൻസ് കാലാവധി തീരും മുൻപ് ഉടമസ്ഥാവകാശം മാറ്റണമെങ്കിൽ അതിനുള്ള അപേക്ഷ സമർപ്പിച്ചാൽ ഉടമസ്ഥാവകാശം മാറ്റുവാൻ സാധിക്കുന്നതാണ്. ഉടമസ്ഥാവകാശം മാറ്റുന്നതിനായി അപേക്ഷയോടൊപ്പം ഇരുന്നൂറു രൂപയുടെ മുദ്രപത്രത്തിൽ നിലവിലെ ഉടമസ്ഥന്റെ സാക്ഷ്യപത്രവും പശുവിന്റെ 2 ഫോട്ടോകളും ബന്ധപ്പെട്ട വെറ്ററിനറി ഓഫീസർ സാക്ഷ്യപ്പെടുത്തി ഇൻഷുറൻസ് ഓഫീസിൽ സമർപ്പിച്ചാൽ പുതിയ ഉടമസ്ഥന്റെ പേരിലേക്ക് ഇൻഷുറൻസ് പോളിസി മാറ്റി നൽകുന്നതാണ്.മൃഗസംരക്ഷണ വകുപ്പ് നിലവിൽ നടപ്പിലാക്കി വരുന്ന കന്നുകാലി ഇൻഷുറൻസ് പദ്ധതി പ്രകാരം ഇൻഷുറൻസ് കാലാവധി തീരും മുൻപ് ഉടമസ്ഥാവകാശം മാറ്റണമെങ്കിൽ അതിനുള്ള അപേക്ഷ സമർപ്പിച്ചാൽ ഉടമസ്ഥാവകാശം മാറ്റുവാൻ സാധിക്കുന്നതാണ്. ഉടമസ്ഥാവകാശം മാറ്റുന്നതിനായി അപേക്ഷയോടൊപ്പം ഇരുന്നൂറു രൂപയുടെ മുദ്രപത്രത്തിൽ നിലവിലെ ഉടമസ്ഥന്റെ സാക്ഷ്യപത്രവും പശുവിന്റെ 2 ഫോട്ടോകളും ബന്ധപ്പെട്ട വെറ്ററിനറി ഓഫീസർ സാക്ഷ്യപ്പെടുത്തി ഇൻഷുറൻസ് ഓഫീസിൽ സമർപ്പിച്ചാൽ പുതിയ ഉടമസ്ഥന്റെ പേരിലേക്ക് ഇൻഷുറൻസ് പോളിസി മാറ്റി നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ